**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1561** **01-02-2024 - ൽ മറുപടിയ്ക്ക്**

**അഷ്ടമുടി കായലിന്റെ തീരത്ത് മണ്ണ് ഇടിഞ്ഞു വീഴുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ അഷ്ടമുടി കായലിന്റെ തീരത്ത് ചെങ്കുത്തായി നിൽക്കുന്ന മണ്ണ് ഇടിഞ്ഞ് വീഴുന്നത് പരിഹരിക്കുന്നതിനായി പ്രസ്തുത പ്രദേശം തട്ടുകളായി തിരിയ്ക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | **ചവറ മണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ അഷ്ടമുടി കായലിന്റെ തീരത്ത് ചെങ്കുത്തായി നിൽക്കുന്ന മണ്ണ് ഇടിഞ്ഞ് വീഴുന്നത് പരിഹരിക്കുന്നതിനായി പ്രസ്തുത പ്രദേശത്തെ മണ്ണ് നീക്കം ചെയ്ത് തട്ടുകളായി തിരിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ കൊല്ലം കളക്ടറേറ്റിൽ ലഭിച്ചിട്ടില്ല. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ദുരന്തനിവാരണ നിയമ പ്രകാരം ആവശ്യമായ ശാസ്ത്രീയ പരിശോധനകൾ നടത്തിയും, ജിയോളജി മേഖലയിലെ വിദഗ്ധരുടെ റിപ്പോർട്ടുകൾ പരിശോധിച്ചും, മറ്റു ബന്ധപ്പെട്ട നിയമങ്ങൾ അനുസരിച്ചും തുടർനടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ബി) | സ്വകാര്യഭൂമി ആയതിനാൽ, പ്രസ്തുത വസ്തു തട്ടുകളായി തിരിയ്ക്കുമ്പോൾ അധികം വരുന്ന മണ്ണ് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ കഴിയുമോ? | (ബി) | **മണ്ണ് നീക്കം ചെയുന്നതിനു സ്വകാര്യ വ്യക്തികളുടെ അപേക്ഷകൾ റവന്യു വകുപ്പിൽ ലഭിച്ചിട്ടില്ലാത്തതാണ്. ചെങ്കുത്തായ പ്രദേശത്തെ മണ്ണ് നീക്കം ചെയ്യുമ്പോൾ സംജാതമാകാൻ സാധ്യതയുള്ള ദുരന്ത സാഹചര്യം വ്യക്തമായി വിലയിരുത്തിയ ശേഷം മാത്രമേ മണ്ണ് നീക്കം ചെയുന്നതിനുള്ള അനുമതി നല്കാൻ സാധിക്കുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ